**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 839** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണ പ്രതിരോധത്തിനുള്ള കേന്ദ്രസഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വനാതിർത്തി പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനുമായി കേന്ദ്രസർക്കാരിൽനിന്ന് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ വനാതിർത്തി പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനുമായി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് പദ്ധതിയുടെ കീഴിൽ ഫണ്ട് അനുവദിക്കുന്നതിനായി ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻസ് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും ആയതുമായി ബന്ധപ്പെട്ട നിലവിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമായി 1972 ലെ വന്യജീവി (സംരക്ഷണം) കേന്ദ്ര നിയമത്തിലും ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിലും (Guidelines), മാനക പ്രവർത്തന നടപടികളിലും (Standard Operating Procedures – SOP) വേണ്ട മാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ_കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**(ബി)** വന്യജീവി ആക്രമണം തടയുന്നതിനായി നിലവിൽ സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന കേന്ദ്രസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വന്യജീവി ആക്രമണം തടയുന്നതിനായി നിലവിൽ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രൊജക്ട് ടൈഗർ ആൻഡ് എലിഫന്റ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സംസ്ഥാനത്തിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

**(സി)** ആദിവാസി മേഖലകളിൽ സൗരവേലി, പ്രതിരോധ സംവിധാനങ്ങൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിനോട് കൂടുതൽ സഹായം

ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

<u>**മറുപടി:**</u> ആദിവാസി മേഖലകളിൽ സൗരവേലി, പ്രതിരോധ സംവിധാനങ്ങൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടു<u>ത്തു</u>ന്നതിനായി നിലവിൽ ഇന്റഗ്രേറ്റഡ് ഡെവലപ്‌മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് പദ്ധതിയുടെ കീഴിൽ ഫണ്ട് അനുവദിക്കുന്നതിനായി ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻസിൽ ടി പ്രവർത്തികൾ എല്ലാം ഉൾപ്പെടുത്തി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**